Draft #2 of File 36777/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 22-May-2021 12:44 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

പൂത്തോട്ട ശ്രീ നാരായണ ലോ കോളേജിൽ 2021-22 അധ്യയന വർഷം മുതൽ ത്രിവർഷ എൽ. എൽ. ബി. പ്രോഗ്രാമിനു ഒരു അധിക ബാച്ച് കൂടി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധനാ സമിതിയെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 2492/AC A 1/2021/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 22.05.2021

---

*പരാമർശം:*-1. പൂത്തോട്ട ശ്രീ നാരായണ ലോ കോളേജ് പ്രിൻസിപ്പാൾ 07.08.2020 തീയതിയിൽ സമർപ്പിച്ച അപേക്ഷ

2. 17.02.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്രൂവൽ യോഗത്തിന്റെ നടപടി ക്രമം ഇനം.നം.36777/AcA1-3/2020.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം, മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള പൂത്തോട്ട ശ്രീ നാരായണ ലോ കോളേജിൽ 2021-22 അധ്യയന വർഷം മുതൽ ത്രിവർഷ എൽ. എൽ. ബി. പ്രോഗ്രാമിനു ഒരു അധിക ബാച്ച്(60 സീറ്റ്) കൂടി അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ടി കോളേജ് പ്രിൻസിപ്പാൾ നിശ്ചിത ഫീസടച്ച് അപേക്ഷ സമർപ്പിച്ചിരുന്നു.

പരാമർശം(2) പ്രകാരം, ടി അപേക്ഷ 17.02.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്രൂവൽ യോഗം പരിഗണിക്കുകയും പൂത്തോട്ട ശ്രീ നാരായണ ലോ കോളേജിൽ 2021-22 അധ്യയന വർഷം മുതൽ ത്രിവർഷ എൽ. എൽ. ബി. പ്രോഗ്രാമിനു ഒരു അധിക ബാച്ച് കൂടി അനുവദിക്കുന്നതിന് ആവശ്യമായ പഠന ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി ഡോ. ബി. കേരളവർമ്മ (സിൻഡിക്കേറ്റംഗം), ഡോ. ഗിരിശങ്കർ എസ്. എസ്., അസ്സോസിയേറ്റ് പ്രൊഫസർ, ഗവ: ലോ കോളേജ്, എറണാകുളം (വിഷയ വിദഗ്ധൻ) എന്നിവരെ പരിശോധന സമിതി ആയി നിയമിക്കുവാൻ ശുപാർശ ചെയ്യുകയും ചെയ്തു.

ടി ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരമുള്ള പ്രത്യേക അധികാരമുപയോഗിച്ച് 21.05.2021 തീയതിയിൽ വൈസ് ചാൻസലർ അംഗീകരിച്ചു.

കോളേജ് പ്രിൻസിപ്പാൾ, പരിശോധന തീയതി നിശ്ചയിക്കുന്നതിനായി പരിശോധനാ സമിതി അംഗങ്ങളെ സമീപിക്കേണ്ടതാണ്. അതുപോലെ പരിശോധന ഫീസിനത്തിൽ 6300/- രൂപ സർവകലാശാലയിൽ അടയ്ക്കേണ്ടതുമാണ്.

പരിശോധനാ സമിതി പരിശോധന നടത്തിയതിനുശേഷം, റിപ്പോർട്ട് എത്രയും വേഗം

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്ന നിർദ്ദിഷ്ട ഫാറത്തിൽ പ്രത്യേക ശുപാർശകളോടെ, രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.പ്രിൻസിപ്പാൾ, ശ്രീ നാരായണ ലോ കോളേജ്, പൂത്തോട്ട .
2.ഡോ. ബി. കേരളവർമ്മ (സിൻഡിക്കേറ്റംഗം).
3. ഡോ. ഗിരിശങ്കർ എസ്. എസ്, അസ്സോസിയേറ്റ് പ്രൊഫസ്സർ , ഗവ: ലോ കോളേജ് , എറണാകുളം .
4. വൈസ് ചാൻസലർ/പ്രോ വൈസ് ചാൻസലർ എന്നിവരുടെ പി എസ് മാർ
5.രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/എന്നിവരുടെ പി.എ മാർ.
6.എസി.സി1/ എ.സി.സി 2/എഡി.ബി 6/ ഓഡിറ്റ് 5
7.പി.ആർ.ഒ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ /യൂണിവേഴ്സിറ്റി വെബ് സൈറ്റ്
8.സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 36777/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 22-May-2021 12:44 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം